DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

17.06.2019

കാർഷികമേഖലാവാർത്തകൾ

പ്ലാന്റ് ജീനോം സേവിയർ അവാർഡിന് അപേക്ഷിക്കാം

കേന്ദ്രകൃഷി, കർഷകക്ഷേമ മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന പ്രൊട്ടക്ഷൻ ഓഫ് പ്ലാന്റ് വെറൈറ്റീസ് ആൻഡ് ഫാർമേഴ്സ് റൈറ്റ്സ് അതോറിറ്റി നൽകുന്ന പ്ലാന്റ് ജീനോം സേവിയർ അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു. പരമ്പരാഗത സസ്യഇനങ്ങൾ സംരക്ഷിക്കുകയും പുതിയവ ഉരുത്തിരിച്ചെടുക്കുകയും ചെയ്യുന്ന കർഷകർക്കും കർഷക സമൂഹത്തിനും നൽകുന്ന രാജ്യത്തെ ഏറ്റവും വലിയ അംഗീകാരമാണിത്. മൂന്നു വിഭാഗത്തിലാണ് അവാർഡുകൾ. വിളകളുടെ പ്രാദേശിക ഇനങ്ങളും സാമ്പത്തികമൂല്യമുള്ള വിളകളുടെ വന്യഇനങ്ങൾ സംരക്ഷിക്കുകയും പരിപാലിക്കുകയും നിർധാരണത്തിലൂടെ പുതിയവ വികസിപ്പിച്ചെടുക്കുകയും ചെയ്യുന്ന ആദിവാസി /ഗോത്ര/കർഷക സമൂഹത്തിന് 2016-17, 2017-18 വർഷത്തെ പ്രവർത്തനങ്ങൾക്കാണ് **പ്ലാന്റ് ജീനോം സേവിയർ കമ്മ്യൂണിറ്റി അവാർഡും**, 2017-18 വർഷത്തെ പ്രവർത്തനങ്ങൾക്ക് **പ്ലാന്റ് ജീനോം സേവിയർ ഫാർമർ റിവാർഡ് / അംഗീകാരവും** നൽകുന്നു. അപേക്ഷാഫോറം www.plantauthority.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. അപേക്ഷകൾ ജില്ലാ കൃഷി ഓഫീസ്, കാർഷിക

സർവകലാശാല ഡയറക്ടർ ഓഫ് റിസർച്ച്, ജില്ലാ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് എന്നിവ മുഖേന അയയ്ക്കാം. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജൂൺ 28. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ: 011-25841532.

അറിയിപ്പ്

കരുവാറ്റ കൃഷി ഭവൻ പരിധിയിൽ വരുന്ന കരനെൽകൃഷി ചെയ്യാൻ താൽപര്യമുള്ള കർഷകർ കരുവാറ്റ കൃഷി ഭവനുമായി ബന്ധപ്പെടണമെന്ന് കൃഷി ഓഫീസർ അറിയിക്കുന്നു.

കാർഷികസർവ്വകലാശാലയിലെ ഇൻസ്ട്രക്ഷണൽഫാമിൽ ഹൈഡ്രോപോണിക്സ് കൃഷിരീതിയിൽ 3 ദിവസത്തെ പരിശീലനപരിപാടി

മണ്ണ് ഉപയോഗിക്കാതെ പൂർണ്ണമായും വെള്ളം ഉപയോഗിച്ച് കൃഷി ചെയ്യാൻ സാധിക്കുന്ന നൂതന കൃഷിരീതിയായ ഹൈഡ്രോപോണിക്സ് വിഷയത്തെ പറ്റി 3 ദിവസത്തെ പരിശീലനപരിപാടി ഈ മാസം 20 മുതൽ 22 വരെയുള്ള തിയ്യതികളിൽ, Hi-Tech Research and Training Unit Hall, ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിൽ വെച്ച് നടത്തുന്നതാണ്. വിവിധതരം ഹൈഡ്രോപോണിക്സ് സിസ്റ്റം, - രൂപകൽപ്പനകൾ, പ്രവർത്തന-ഉപയോഗ-പരിപാലന രീതികൾ, ഇൻസ്റ്റലേഷൻ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാലനം, എന്നിവയെകുറിച്ച് വിദഗ്ദർ ക്ലാസ്സുകൾ എടുക്കുന്നതായിരിക്കും. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **7025498850** എന്ന നമ്പറിൽ ബന്ധപ്പെടുക.

നഴ്സറി പരിപാലനത്തിൽ പരിശീലനം

തിരുവനന്തപുരം ജില്ലയിലെ മിത്രാനികേതൻ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നഴ്സറി പരിപാലനം, ബഡിങ്ങ്, ഗ്രാഫ്റ്റിങ്ങ്, ലയറിങ്ങ് എന്നീ വിഷയങ്ങളിൽ ഈ മാസം 24 മുതൽ 28 വരെ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകും. രജിസ്ട്രേഷൻ ഫീസ് 500 രൂപ. കൂടുതൽ വിവരങ്ങൾക്കും രജിസ്റ്റർ ചെയ്യുന്നതിനുമായി ബന്ധപ്പെടേണ്ട നമ്പർ: 9447856216.

മൃഗസംരക്ഷണ മേഖല - അവാർഡുകൾ

2018 വർഷത്തിലെ മൃഗസംരക്ഷണ മേഖലയിലെ ഏറ്റവും മികച്ച കർഷകർക്ക് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും അവാർഡിന് അപേക്ഷകൾ ക്ഷണിക്കുന്നു. സംസ്ഥാന തലത്തിൽ മികച്ച ക്ഷീരകർഷകൻ, വാണിജ്യ അടിസ്ഥാനത്തിൽ ഏറ്റവും മികച്ച ഡയറി ഫാം, മികച്ച സമ്മിശ്ര കർഷകൻ, എന്നിവർക്ക് ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും, ഫലകവും നൽകുന്നതാണ്. മികച്ച പൗൾട്രി കർഷകൻ, മികച്ച യുവകർഷകൻ, വനിത സംരംഭക എന്നിവർക്ക് അൻപതിനായിരം രൂപയും പ്രശസ്തി പത്രവും, ഫലകവും എന്നി എന്നിങ്ങനെയാണ് അവാർഡ്. ജില്ലാ തലത്തിൽ മികച്ച ക്ഷീരകർഷകന് ഇരുപതിനായിരം രൂപയും പ്രശസ്തി പത്രവും, ഫലകവും, മികച്ച സമ്മിശ്രകർഷകന് പതിനായിരം രൂപയും പ്രശസ്തി പത്രവും, ഫലകവും നൽകുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ ജൂൺ 20 ന് മുൻപായി അതാത് മൃഗാശുപത്രികളിൽ സമർപ്പിക്കേണ്ടതാണെന്ന് മൃഗസംരക്ഷണ വകുപ്പ്

ഡയറക്ടർ അറിയിച്ചു. അപേക്ഷാ ഫോമിനും കൂടുതൽ വിവരങ്ങൾക്കുമായി അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

അറിയിപ്പ്

കേരള വെറ്റിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി മണ്ണൂത്തിയിലുള്ള മീറ്റ് ടെക്നോളജി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ **മാംസ്യ സംസ്കരണവും പ്ലാന്റ് ഓപ്പറേഷൻ** എന്ന വിഷയത്തിൽ രണ്ടു വർഷത്തെയും, സംശുദ്ധമായ മാംസ്യ ഉത്പാദനവും മാംസ്യ സംസ്കരണവും എന്ന വിഷയത്തിൽ ഒരു വർഷത്തേക്കും ഉള്ള ട്രെയിനിങ്ങിന് അപേക്ഷ ക്ഷണിക്കുന്നു. വിദ്യാഭ്യാസ യോഗ്യത വി. എച്ച്. എസ്. ഇ, കൂടാതെ മീറ്റ് പ്ലാന്റ് ഓപ്പറേഷൻ എന്ന വിഷയത്തിൽ ഒരു വർഷത്തെയും ട്രെയിനിങ്ങിന് അപേക്ഷ ക്ഷണിക്കുന്നു. വിദ്യാഭ്യാസ യോഗ്യത ഐ. റ്റി. ഐ. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം **20**. കൂടുതൽ വിവരങ്ങൾക്ക് 9895213500, 8301860956 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.